പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2201 08.12.2014-ൽ മറുപടിക്ക്

കെ എസ് ആർ ടി സി യുടെ വരുമാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | |
|---|---|
| കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കാനായി സർക്കാർ പുതിയതായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കാനായി സർക്കാർ പുതിയതായി നടപ്പിലാക്കിയ പദ്ധതികളിലൂടെ എത്ര അധിക വരുമാനം ഉണ്ടാക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ? | കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിച്ച് ലാഭത്തിന്റെ പാതയിലേക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകി നടപ്പാക്കി വരികയാണ്. പ്രസ്തുത പാക്കേജിലെ ഒരു പദ്ധതി കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ സർവ്വീസുകൾ ലാഭകരമായി പുനഃക്രമീകരിക്കുക എന്നതാണ്. ഇതിൻ പ്രകാരം 1031 സർവ്വീസുകൾ ലാഭകരമായി പുനഃക്രമീകരിച്ചു കഴിഞ്ഞു.<br>കെ.എസ്.ആർ.ടി.സി പുഷ് ബാക് സീറ്റ് സൗകര്യമുള്ള 50 സൂപ്പർ ഡീലക്സ് ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്.<br>അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നതിലേക്കായി 10 മൾട്ടി ആക്സിൽ വോൾവോ ബസ്സും നിരത്തിലിറക്കിയിട്ടുണ്ട്.<br>ഓൺലൈൻ സംവിധാനം നവീകരിച്ചിട്ടുണ്ട്.<br>ഇതുമൂലം വരവ് ചെലവ് അന്തരം കുറച്ച് പ്രതിമാസം 15 കോടി രൂപയുടെ അധികവരുമാനം നേടുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ